# കേരള സർക്കാർ
## സംഗ്രഹം

വ്യവസായ വകുപ്പ് - സ്പെഷ്യൽ ഇക്കണോമിക് സോൺ (SEZ) (പ്രത്യേക സാമ്പത്തിക മേഖല) പുതുക്കിയ നയം- പുറപ്പെടുവിക്കുന്നു

---

വ്യവസായ (ജെ) വകുപ്പ്

സ.ഉ.(സാധാരണ)നം.1154/2008/വ്യവ തീയതി, തിരുവനന്തപുരം, 08/10/2008

---

<u>ഉത്തരവ്</u>

സ്പെഷ്യൽ ഇക്കണോമിക് സോൺ (SEZ) (പ്രത്യേക സാമ്പത്തിക മേഖല) സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള പുതുക്കിയ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടി. ബാലകൃഷ്ണൻ
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് സെക്രട്ടറി/അഡീഷണൽ ചീഫ് സെക്രട്ടറി
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ
**(മേൽ നടപടികൾക്കായി)**
**പൊതുഭരണ (എസ്.സി) വകുപ്പ് (29.9.2008 ലെ 2495-ാം നമ്പർ ഇനം പ്രകാരം)**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

**പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്**
**എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്**
**വ്യവസായ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും**
**കരുതൽ ഫയൽ**
**ഓഫീസ് കോപ്പി.**

# (SEZ) നയം

2005 ൽ പാർലമെണ്ട് പാസ്സാക്കിയ SEZ നിയമമനുസരിച്ച്, രാജ്യത്തിലെ പല ഭാഗങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലകൾ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേക സാമ്പത്തിക മേഖലകളിൽ സ്ഥാപക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് കേന്ദ്രസർക്കാർ, കോർപ്പറേറ്റ് ടാക്സ്, സെൻട്രൽ എക്സൈസ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവയിൽ ഒഴിവ് നൽകുന്നുണ്ട്. സംസ്ഥാനസർക്കാരുകൾ വിവിധ ഇളവുകളും സൗജന്യങ്ങളും നൽകുന്ന നയം കൈക്കൊണ്ടുവരുന്നു. ഈ സാഹചര്യത്തിൽ കേരളത്തിൽ, പ്രത്യേക സാമ്പത്തിക മേഖലകളിലെ വ്യവസായ സംരംഭകർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് ഒരു നയം രൂപീകരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്.

സംസ്ഥാനത്ത് ഇതുവരെ 11 SEZ കൾക്ക് അനുമതി നൽകിയിട്ടുണ്ട്. 8 SEZ കൾക്ക് കേന്ദ്രസർക്കാരിന്റെ ആവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 6 SEZ കൾക്ക് ശുപാർശ ചെയ്യുകയുണ്ടായി. അതിൽ ഒന്നിന് (സ്മാർട്ട് സിറ്റി) അംഗീകാരം ലഭിച്ചിട്ടുണ്ട്. മറ്റുള്ളവ അംഗീകാരം പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് അംഗീകാരം ലഭിച്ചവയും അംഗീകാരം ലഭിക്കുന്നതുമായ SEZ കളെ സംബന്ധിച്ച് താഴെപ്പറയുന്ന നയം വ്യക്തമാക്കുന്നു-

1. കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത കൂടുതലായതിനാൽ വലിയ തോതിൽ ഭൂമി ആവശ്യമുള്ള SEZ കൾ പ്രായോഗികമല്ല. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കൊണ്ടുള്ള പ്രത്യേക സാമ്പത്തിക മേഖലകൾക്ക് മാത്രമെ അംഗീകാരം നൽകാനാവൂ.
2. SEZ പ്രോജക്ടുകൾക്കായി നെൽ വയൽ നികത്താനനുവദിക്കുന്നതല്ല.
3. സർക്കാരിന്റെ ഏജൻസികൾക്ക്, വ്യവസായ പാർക്കുകൾ വികസിപ്പിക്കുവാൻ ഭൂമി അക്വയർ ചെയ്യാൻ അനുമതി നൽകി വരുന്നുണ്ട്. ഇത്തരം പാർക്കുകളിൽ SEZ വേണമെങ്കിൽ അപേക്ഷിക്കാവുന്നതാണ്. എന്നാൽ SEZ സ്ഥാപിക്കാനായി സ്വകാര്യ സംരംഭകർക്ക് ഭൂമി അക്വയർ ചെയ്ത് നൽകുന്നതല്ല.
4. SEZ ലെ സംരംഭകർക്ക് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കുന്നതല്ല.
5. SEZ പദവി ലഭിക്കുന്ന ഭൂമിയുടെ 50% വ്യവസായ ആവശ്യത്തിനും, 50% അനുബന്ധ കാര്യങ്ങൾക്കും (പാർപ്പിടം, ഹോട്ടൽ, വാണിജ്യം, റിക്രിയേഷൻ, റോഡ് തുടങ്ങിയവ) ഉപയോഗിക്കാമെന്നാണ് ഇപ്പോഴത്തെ കേന്ദ്രസർക്കാർ നയം. എന്നാൽ കേരളത്തിൽ SEZ പദവി ലഭിക്കുന്ന ഭൂമിയുടെ 70% വ്യവസായ ആവശ്യത്തിനും 30% അനുബന്ധ കാര്യങ്ങൾക്കും ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അനുബന്ധകാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭൂമിയിൽ നിർമ്മിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ പ്രസ്തുത SEZ ലെ ജീവനക്കാരുടെ താമസസ്ഥലം മാത്രമായി ഉപയോഗിക്കണം. പുറമേയുള്ളവർക്ക് വിൽപ്പന നടത്താൽ പാടില്ല. ഈ വ്യവസ്ഥകൾ ഇതുവരെ കേന്ദ്ര അംഗീകാരം

ലഭിച്ചതും, വികസന പ്രവർത്തനം നടന്നിട്ടില്ലാത്തതും, ഭാവിയിൽ അംഗീകാരം ലഭിക്കുന്നതുമായ എല്ലാ SEZ കൾക്കും ബാധകമാണ്.

6. കെ.ജി.എസ്.ടി. ആക്ട് പ്രകാരം (വാറ്റ് ഉൾപ്പെടെ) പിരിക്കുന്ന നികുതികളിൽ നിന്ന് SEZ ലെ വ്യവസായ സംരംഭങ്ങളെ മാത്രം പ്രവർത്തനം ആരംഭിച്ച് 10 വർഷം വരെ ഒഴിവാക്കുന്നകാണ്.
7. സംസ്ഥാനത്തെ SEZ കളെ, തൊഴിൽ നിയമങ്ങൾ, ട്രേഡ് യൂണിയൻ നിയമങ്ങൾ, ക്ഷേമനിധി നിയമം, പ്രൊവിഡണ്ട് ഫണ്ട് നിയമം, ഫാക്ടറീസ് ആക്ട്, ഗ്രാറ്റുവിറ്റി ആക്ട് തുടങ്ങി തൊഴിലാളികളുടേയും ജീവനക്കാരുടേയും അവകാശങ്ങളുമായി ബന്ധപ്പെട്ട ഒരു നിയമത്തിൽ നിന്നും ഒഴിവാക്കാവുന്നതല്ല. ഇൻഡസ്ട്രീയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ അദ്ധ്യായം 5-ബി യിൽ നിന്നും SEZ കളെ ഒഴിവാക്കുമെന്ന കേന്ദ്ര വ്യവസ്ഥ നടപ്പാക്കുന്നതല്ല.
8. സംസ്ഥാനത്തെ SEZ കളിൽ കോൺട്രാക്ട് ലേബർ റഗുലേഷൻ ക്ഷ അബോളിഷൻ ആക്ടിന്റെ വ്യവസ്ഥകൾ ബാധകമായിരിക്കും.
9. സംസ്ഥാനത്തെ എല്ലാ SEZ കളിലും പഞ്ചായത്ത് രാജ് ആക്ട് ബാധകമായിരിക്കും. പ്രസ്തുത ആക്ടിലെ 200-ാം വകുപ്പിൽ ആർക്കും ഒഴിവു നൽകുന്നതല്ല.
10. SEZ കളിൽ സിംഗിൽ വിൻഡോ ക്ലിയറൻസ് ആക്ട് ബാധകമായിരിക്കും
11. മിച്ചഭൂമി കേസുകളുള്ളവരെ ശുപാർശ ചെയ്യുന്നതല്ല
12. പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിനു മുമ്പായി ഈ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള കരാർ സംരംഭകരുമായി ഒപ്പുവെയ്ക്കേണ്ടതാണ്

ഈ നയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിജ്ഞാപനങ്ങളിൽ മാറ്റം വരുത്തുന്നതും പുതിയ വിജ്ഞാപനം ഇറക്കുന്നതുമാണ്.